**പതിമൂന്നാം കേരള നിയമസഭ**

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-16)

**പത്താമത് റിപ്പോർട്ട്**

(2014 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(പിന്നോക്ക വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-16)

**പത്താമത് റിപ്പോർട്ട്**

(2014 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(പിന്നോക്ക വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ച്)**

53/2015.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്യുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ (2014-16) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ 11-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

തിരുവനന്തപുരം,
2014 ഡിസംബർ 16.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

# റിപ്പോർട്ട്

സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ വളർച്ചയാണ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് കേരളത്തിൽ ഉണ്ടായി ട്ടുള്ളത്. കേരളത്തിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിഭാഗങ്ങളെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് വിദ്യാഭ്യാസം മുഖ്യപങ്ക് വഹിക്കുന്നുണ്ട്.

വിദ്യാഭ്യാസ രംഗത്ത് രാജ്യം വൻ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഫലം അർഹമായ തോതിൽ സമൂഹത്തിന്റെ എല്ലാ തട്ടുകളിലും എത്തുന്നില്ല എന്നത് ഖേദകരമായ വസ്തുതയാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരാനും പൊതുവിദ്യാഭ്യാസരംഗത്ത് സാമൂഹികനീതി ഉറപ്പുവരുത്തുവാനും വിവിധ സഹായ പദ്ധതികൾ ആവശ്യമാണ്. ഇത്തരത്തിൽ സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനാണ് വിദ്യാർത്ഥികൾക്ക് വിവിധതരത്തിലുള്ള സ്കോളർഷിപ്പുകളും സാമ്പത്തിക സഹായങ്ങളും നൽകിവരുന്നത്. ഒരു സമൂഹത്തിന്റെ ഉന്നതി അവരാർജ്ജിക്കുന്ന വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമാണ്. സർക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകവഴി വിദ്യാർത്ഥികളെ പഠനകാര്യങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി നല്ല സമൂഹത്തെ വാർത്തെടുക്കു ന്നതിനും സാധിക്കും. ഉന്നതവിദ്യാഭ്യാസ രംഗത്ത് എത്തുന്ന സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടിവരുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്കോളർഷിപ്പുകളും സാമ്പത്തിക സഹായങ്ങളും നൽകുന്നത് കൊണ്ടുകൂടിയാണ്.

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ സ്കോളർഷിപ്പുകൾക്കും മറ്റ് സാമ്പത്തിക സഹായങ്ങൾക്കുമുള്ള പങ്ക് വളരെ വലുതാണ്. പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകളും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുന്നതിലെ അപാകതകൾ സംബന്ധിച്ച് വ്യക്തികളിൽനിന്നും സംഘടനകളിൽ നിന്നും നിരവധി ഹർജികൾ പിന്നോക്കസമുദായ ക്ഷേമ സമിതിക്ക് ലഭിച്ചിരുന്നു. പ്രസ്തുത ഹർജികളിലെ വിഷയങ്ങൾ സമിതി വിശകലനം ചെയ്യുകയും പിന്നോക്ക വിഭാഗങ്ങൾ ക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവരശേഖരണ ചോദ്യാവലികൾ തയ്യാറാക്കുകയും അവ പൊതുവിദ്യാഭ്യാസ/ഉന്നതവിദ്യാഭ്യാസ വകുപ്പുകളിലേക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. പ്രസ്തുത ചോദ്യാവലിക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും 28-6-2014-ലെ 19701/സി2/14/ഉവിവ. നമ്പർ കത്ത് പ്രകാരം മറുപടി ലഭിച്ചിരുന്നു. എന്നാൽ, പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും മറുപടി ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വകുപ്പു സെക്രട്ടറിയിൽനിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽനിന്നും 19-11-2014-ന് സമിതി തെളിവെടുക്കുകയുണ്ടായി. പ്രസ്തുത ചർച്ചയുടെയും സമിതിയുടെ ചോദ്യാവലികൾക്ക് ഉന്നതവിദ്യാഭ്യാസം/പൊതുവിദ്യാഭ്യാസം വകുപ്പുകളിൽനിന്നും ലഭിച്ച

മറുപടികളുടെയും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്കായി സംസ്ഥാന/കേന്ദ്ര സർക്കാർ സഹായ ത്തോടെ പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസ തലങ്ങളിൽ ചുവടെ ചേർക്കുന്ന സ്കോളർഷിപ്പ് പദ്ധതികളാണുള്ളത് :

സംസ്ഥാനത്തെ പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്കായി 50% കേന്ദ്ര സഹായ ത്തോടെ പിന്നോക്കസമുദായ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയാണ് ഒ.ബി.സി. പ്രീ മെട്രിക് സ്കോളർഷിപ്പ്. 2011-12 അദ്ധ്യയന വർഷമാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കിയതെന്നും സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നുമുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗത്തിലുൾപ്പെട്ടതും രക്ഷിതാവിന്റെ വരുമാനം 44,500 രൂപയിൽ അധികരിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുണ്ടെന്നും 1 മുതൽ 5 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 750 രൂപ, 6 മുതൽ 8 വരെ 900 രൂപ 9, 10 ക്ലാസുകളിൽ 1,000 രൂപ എന്ന നിരക്കിൽ വാർഷിക അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകിവരുന്നതെന്നും ലഭ്യമായ രേഖകളിൽനിന്നും സമിതി മനസ്സിലാക്കുന്നു.

പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലത്തിൽ 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്. ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട രക്ഷിതാവിന്റെ വരുമാന പരിധി 1 ലക്ഷം രൂപയിൽ അധികരിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുണ്ടെന്നും 160 രൂപ പ്രതിമാസ സ്റ്റൈപന്റും എല്ലാവിധ ഫീസ് ആനുകൂല്യങ്ങളും അനുവദിക്കുന്നുണ്ടെന്നും രേഖകൾ വ്യക്തമാക്കുന്നു. ഹയർ സെക്കന്ററി തലത്തിൽ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേകമായി സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ച് നിലവിൽ സ്കോളർഷിപ്പുകളൊന്നുംതന്നെ നൽകുന്നില്ലായെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

സെൻട്രൽ സെക്ടർ സ്കീമായ ന്യൂനപക്ഷ വിഭാഗം പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം സർക്കാർ/എയ്ഡഡ്, അംഗീകാരമുള്ള അൺഎയ്ഡഡ്, അഫിലിയേഷനുള്ള സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലെ ഒരു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള മുന്നോക്കക്കാരിലെ സമർത്ഥരായ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1,000 രൂപ നിരക്കിൽ മുസ്ലീം, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി, ജൈൻ വിഭാഗം കുട്ടികളോടൊപ്പം കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. 2001-ലെ സെൻസസ് പ്രകാരമുള്ള പ്രാതിനിധ്യം അനുസരിച്ചാണ് ഓരോ മതവിഭാഗത്തിനുമുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതെന്ന് സമിതി കരുതുന്നു. കേന്ദ്ര സഹായത്തോടെ സ്കൂൾ തലത്തിൽ നടപ്പാക്കുന്ന സ്കോളർഷിപ്പുകളായ ഒ.ബി.സി. പ്രീ മെട്രിക് സ്കോളർഷിപ്പ്, മൈനോറിറ്റി പ്രീ മെട്രിക് സ്കോളർഷിപ്പ് എന്നിവയുടെ നിരക്ക്, വരുമാനപരിധി എന്നിവ ചുവടെ ചേർക്കുന്നു :

| വിഭാഗം | നിരക്ക് | |
|---|---|---|
| | ഒ.ബി.സി. പ്രീ മെട്രിക് | മൈനോറിറ്റി പ്രീ മെട്രിക് |
| എൽ.പി. | 750 | 1,000 |
| യു.പി. | 900 | 1,000 |
| ഹൈസ്കൂൾ | 1,000 | 1,000 |

ഒ.ബി.സി. പ്രീ മെട്രിക് സ്കോളർഷിപ്പ് വരുമാനപരിധി 44,500 രൂപയും മൈനോറിറ്റി പ്രീ മെട്രിക് വരുമാനപരിധി 1,00,000 രൂപയും ആയി നിശ്ചയിച്ചിരിക്കുന്നു.

സംസ്ഥാന സർക്കാർ മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ മറ്റ് പിന്നോക്ക വിഭാഗത്തിലെ വാർഷിക കുടുംബ വരുമാനം 25,000 രൂപ വരെയുള്ള പെൺകുട്ടികളിലെ എൽ.പി., യു.പി. വിഭാഗത്തിന് 125 രൂപ നിരക്കിലും ഹൈസ്കൂൾ വിഭാഗത്തിന് 150 രൂപ നിരക്കിലും വാർഷിക അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകിവരുന്നുണ്ടെന്നും വാർഷിക കുടുംബ വരുമാനപരിധിയും സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരിക്കുകയാണെന്നും തെളിവെടുപ്പ് യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

സംസ്ഥാന സർക്കാർ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ തലത്തിൽ നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണ് സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് പദ്ധതി. മുസ്ലീം സമുദായത്തിലേയും ലത്തീൻ കാത്തലിക് സമുദായത്തിലെയും പരിവർത്തിത ക്രിസ്ത്യൻ സമുദായത്തിലെയും പെൺകുട്ടികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പ് നൽകിവരുന്നത്. യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് ഉള്ളവരും വാർഷിക വരുമാനം 6,00,000 രൂപയിൽ താഴെയുള്ളവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണെന്നും, സർക്കാർ, എയ്ഡഡ് കോളേജുകളിൽ പഠിക്കുന്നവർക്കും സർക്കാർ മെരിറ്റിൽ സ്വാശ്രയ കോളേജുകളിൽ പ്രവേശനം ലഭിച്ചവർക്കും സ്കോളർഷിപ്പിന് അർഹതയുണ്ടെന്നും ലഭ്യമായ മറുപടികളിൽനിന്നും സമിതിക്ക് ബോദ്ധ്യമായി. ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന 3000 കുട്ടികൾക്ക് 4,000 രൂപയും ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന 1000 കുട്ടികൾക്ക് 5,000 രൂപയും പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 1000 കുട്ടികൾക്ക് 6,000 രൂപയും സ്കോളർഷിപ്പായി അനുവദിക്കുന്നുണ്ടെന്നും കൂടാതെ, 2000 കുട്ടികൾക്ക് 12,000 രൂപ ഹോസ്റ്റൽ സ്റ്റൈപന്റായും നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

സംസ്ഥാനത്തെ പിന്നോക്കവിഭാഗം വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ തലത്തിൽ നൽകുന്ന കേന്ദ്ര/സംസ്ഥാന സഹായ സ്കോളർഷിപ്പാണ് മെരിറ്റ്-കം-മീൻസ്

സ്കോളർഷിപ്പ്. പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളിൽപ്പെടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് നൽകിവരുന്നുണ്ടെന്നും സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ ട്യൂഷൻ ഫീസിനത്തിൽ പരമാവധി 20,000 രൂപ വരെയും കേന്ദ്രസർക്കാരിന്റെ ലിസ്റ്റഡ് ഇൻസ്റ്റിറ്റ്യൂഷനുകളായ ഐ.ഐ.റ്റി., ഐ.ഐ.എസ്.സി., ഐ.ഐ.എം. മുതലായ സ്ഥാപനങ്ങളിൽ ട്യൂഷൻ ഫീസിനത്തിൽ ഉൾപ്പെടുന്ന മുഴുവൻ തുകയും മടക്കി കൊടുക്കുന്നുണ്ടെന്ന് ലഭ്യമായ രേഖകളിൽനിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, അധികൃതരുടെ അനാസ്ഥമൂലം ഈ സ്കോളർഷിപ്പിൽ നിന്നും നൂറ് കണക്കിന് വിദ്യാർത്ഥികൾ അപേക്ഷകളിലുണ്ടായ പിഴവുമൂലം പുറത്താകുന്ന സ്ഥിതിയാണെന്ന് സമിതി മനസ്സിലാക്കുന്നു. സ്കോളർഷിപ്പിനായി വെബ്സൈറ്റിലൂടെ ഓൺലൈനായാണ് വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയിൽ വിദ്യാർത്ഥി പഠിക്കുന്ന കോഴ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗത്തു ചേർത്ത വിവരങ്ങളാണ് ഇത്തരമൊരു സ്ഥിതിവിശേഷം സംജാതമാവാൻ കാരണമെന്ന് സമിതി കരുതുന്നു.

ഉന്നത വിദ്യാഭ്യാസ തലത്തിൽ കേന്ദ്ര സഹായത്തോടെ നൽകുന്ന മറ്റൊരു സ്കോളർഷിപ്പ് പദ്ധതിയായ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിൽ 27% പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആദ്യത്തെ മൂന്നു വർഷം പതിനായിരം രൂപയും, നാലാമത്തെയും അഞ്ചാമത്തെയും വർഷം 20,000 രൂപയും പ്രതിവർഷം സ്കോളർഷിപ്പായി അനുവദിക്കുന്നുണ്ട്. മറ്റ് ബിരുദ കോഴ്സുകൾക്കും ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 10,000 രൂപയും 20,000 രൂപയും പ്രതിവർഷം സ്കോളർഷിപ്പായി നൽകിവരുന്നു. യോഗ്യതാ പരീക്ഷയിൽ 80% മാർക്ക് നേടിയവരും വാർഷിക കുടുംബവരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ളവരും അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു.

സർക്കാർ മെരിറ്റിൽ സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിന് അർഹതയുണ്ട്. കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ സ്കോളർഷിപ്പായ മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്, കേന്ദ്ര സർക്കാർ പദ്ധതിയായ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിനും സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണെന്ന് രേഖകളിൽനിന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

## സമിതിയുടെ നിഗമനങ്ങൾ

1. വിദ്യാഭ്യാസ ആവശ്യങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് പുതിയ സ്കോളർഷിപ്പുകളും സഹായ പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തണം. സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനായി സ്കോളർഷിപ്പ് വിതരണത്തിൽ കാലാനുസൃതമായ മാറ്റം വരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

2. സ്കോളർഷിപ്പ് വിതരണത്തിലുണ്ടാകുന്ന കാലതാമസം അടിയന്തരമായി പരിഹരിക്കേണ്ട താണ്. കൂടാതെ, സ്കോളർഷിപ്പുകൾ വേണ്ട വിധത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. സ്കോളർഷിപ്പ് വിതരണം മെച്ചപ്പെട്ട രീതിയിൽ ക്രമീകരിച്ചുകൊണ്ട് അർഹരായവർക്ക് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

3. സമയ നിഷ്ഠയോടുകൂടിയ പ്രവർത്തനമോ കൃത്യമായ വിലയിരുത്തലോ ഇല്ലാത്തതു കൊണ്ട് സ്കോളർഷിപ്പുകൾ അർഹരായ വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കാതെ വരുന്നു.

4. സ്കോളർഷിപ്പുകളുടേയും മറ്റ് സാമ്പത്തിക സഹായങ്ങളുടേയും അപേക്ഷ ക്ഷണിക്കുന്നതു മുതൽ വിതരണം ചെയ്യുന്നതുവരെ സുതാര്യത ഉറപ്പാക്കേണ്ടതാണ്.

5. പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട രീതിയെക്കുറിച്ചുള്ള അറിവില്ലായ്മ, ശരിയായ വിവരങ്ങളുടെ അഭാവം എന്നിവ കാരണം പലപ്പോഴും അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല. സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ട ഓൺലൈൻ സംവിധാനത്തിലെ പിഴവുമൂലം നിരവധി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സ്ഥിതിയാണുള്ളത്. സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ട രീതിയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകേണ്ടതാണെന്ന് സമിതി കരുതുന്നു.

6. സ്കൂൾ തലത്തിലും ഉന്നതവിദ്യാഭ്യാസ തലത്തിലും ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ് തുക പരിമിതമാണ്. ഹയർ സെക്കന്ററി തലത്തിലും ഉന്നത വിദ്യാഭ്യാസ തലത്തിലും എല്ലാ പിന്നോക്കസമുദായക്കാർക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്.

7. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരേ വിഭാഗത്തിൽ നൽകിവരുന്ന സ്കോളർഷിപ്പിന്റെ നിരക്ക്, മാനദണ്ഡം എന്നിവ തമ്മിൽ അന്തരമുണ്ട്. അത്തരത്തിലുള്ള അന്തരം പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതുണ്ട്.

8. പിന്നോക്കസമുദായത്തിലെ അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന്റെ ഗുണം ലഭിക്കേണ്ടതിനായി സ്കോളർഷിപ്പിന് അപേക്ഷി ക്കുന്നതിനുള്ള വരുമാനപരിധിയും സ്കോളർഷിപ്പുകളുടെ എണ്ണവും വർദ്ധിപ്പിക്കേ ണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

## സമിതിയുടെ ശിപാർശകൾ

1. പിന്നോക്കസമുദായങ്ങൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ വാർഷിക വരുമാന പരിധിയും സ്കോളർഷിപ്പ് തുകയും കാലാനുസൃതമായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുകയും അവയുടെ പരിശോധനാ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്ത് സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഉന്നത വിദ്യാഭ്യാസ തലത്തിൽ എല്ലാ പിന്നോക്കസമുദായക്കാരെയും സ്കോളർഷിപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. സ്കോളർഷിപ്പിനെ കുറിച്ചുള്ള അറിയിപ്പുകൾ യഥാസമയം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കണമെന്നും ഈ സംവിധാനത്തിലൂടെ അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. സ്കോളർഷിപ്പ് വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ തലത്തിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സ്കോളർഷിപ്പ് തുകയും അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പിന്നോക്കസമുദായക്കാർക്ക് നൽകിവരുന്ന സ്കോളർഷിപ്പിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. എസ്.സി./എസ്.ടി. വിഭാഗത്തിന് നൽകുന്ന സ്കോളർഷിപ്പുകൾ മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കുന്നതിന് അനുസൃതമായി പിന്നോക്ക സമുദായങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ കൂടി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഹയർ സെക്കന്ററി തലത്തിലുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായത്തോടെ നൽകിവരുന്ന സ്റ്റൈപന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2014 ഡിസംബർ 11 .

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*